# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T4997 23.03.2018 ന് മറുപടിയ്ക്ക്.

## നീലക്കുറിഞ്ഞി സങ്കേതവുമായി ബന്ധപ്പെട്ടുള്ള സർവ്വേ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.തോമസ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നീലക്കുറിഞ്ഞി സങ്കേതമായി വിജ്ഞാപനം ചെയ്തിട്ടുള്ള മൂന്നാറിലെ പ്രദേശങ്ങളിൽ പട്ടയഭൂമിയുണ്ടോ, ഭൂമി കയ്യേറ്റം നടത്തിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിന് സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;<br>(ബി) ഇതു സംബന്ധിച്ച് ദേവികുളം സബ്കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) & (ബി) നീലക്കുറിഞ്ഞി സങ്കേതത്തിനായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്ത് പട്ടയഭൂമി എത്രയുണ്ട്, കയ്യേറ്റഭൂമി എത്രയുണ്ട്, കൈവശസ്ഥലത്ത് വീടോ സ്ഥാപനങ്ങളോ ഉണ്ടോ, ടി പ്രദേശത്ത് ഏതെല്ലാം തരത്തിലുള്ള മരങ്ങൾ ഉണ്ട് തുടങ്ങിയവയിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി സർവ്വേ നടപടികൾ അടിയന്തിരമായി തീർപ്പാക്കുവാനും, ടി സർവ്വേ നടപടികൾ സുഗമമാക്കുന്നതിനും, വേഗത്തിലാക്കുന്നതിനും, റവന്യൂ വനം, പോലീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സഹകരണത്തോടുകൂടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനും സെറ്റിൽമെന്റ് ഓഫീസർ/ദേവികുളം സബ് കളക്ടർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ 23.11.2017-ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (സി) സർവ്വേ നടപടികൾക്ക് പ്രദേശവാസികളുടെയും, രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) നീലക്കുറിഞ്ഞി സങ്കേതം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി പ്രസ്തുത സ്ഥലം നേരിൽ സന്ദർശിക്കുന്നതിനും ബന്ധപ്പെട്ടവരുടെ ഒരു യോഗം നടത്തുന്നതിനും റവന്യൂ, വനം, വൈദ്യുതി വകുപ്പ മന്ത്രിമാരെ നിയോഗിച്ചിരുന്നു. പ്രസ്തുത മന്ത്രിമാർ 11.12.2017-ൽ കുറിഞ്ഞിമല സന്ദർശിക്കുകയും 12.12.2017-ൽ വിവിധ ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ, കർഷക പ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ ബഹു. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഈ വിഷയം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിക്ക് ഓരോ മന്ത്രിമാരും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ